പ്രോജക്ട്/വർക്ക് എന്നിവയ്ക്ക് ആവശ്യമായ ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ പുറപ്പെടുവിക്കുന്നതുമാണ്.

(5) നാമമാത്രമായി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾക്ക് അധിക തുക ആവശ്യമെങ്കിൽ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(6) സ്ഥിരമായതും സുദീർഘവുമായ ആസ്തി ഉളവാക്കുന്ന പ്രോജക്ടുകളും വർക്കുകളും മാത്രമേ ഈ പദ്ധതിയിൻ കീഴിൽ പരിഗണിക്കുകയുള്ളൂ.

വ്യാപാരമേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും നടപടി

166 (4520) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വ്യാപാര മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വ്യാപാരികളെ ശത്രുക്കളായി കാണാതെ വ്യാപാരി സൗഹൃദ സമീപനമാണ് വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്നത്. ചെക്ക്പോസ്റ്റിലെ അഴിമതി തടയുന്നതിനും വ്യാപാര മേഖലയുടെ സൗകര്യത്തിനുമായി 'അഴിമതിരഹിത വാളയാർ' പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി മഞ്ചേശ്വരത്തേയ്ക്കും അമരവിള യിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തു. 2004-05 വരെയുള്ള വർഷത്തെ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആംനസ്റ്റി സ്കീം നടപ്പിലാക്കി. നികുതി അടയ്ക്കുന്നതിന്റെ സൗകര്യത്തിനായി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കി. ചെക്ക്പോസ്റ്റുകളിലെ കാത്തുകിടപ്പ് ഒഴിവാക്കാനായി ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തി. സി-ഫോറം ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തി. വ്യാപാര പ്രോത്സാഹനത്തിനായി ട്രേഡ് അവാർഡുകൾ ഏർപ്പെടുത്തി. വ്യാപാരികളുടെ ഉന്നമനത്തിനായി കേരള വ്യാപാരിക്ഷേമ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി. ഇതിനു പുറമെ വ്യവസായ, വിനോദസഞ്ചാര വകുപ്പുകളുടെ സഹകരണത്തോടെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലും നടത്തി വരുന്നു.

പലിശരഹിത സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

167 (4521) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പലിശയുടെ കെടുതിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് പലിശ രഹിത സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly